**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 884** **14-01-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ കാട്ടാനശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ. എ. നെല്ലിക്കുന്ന് | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ കാട്ടാനശല്യം ഇല്ലാതാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ കാട്ടാനശല്യം ഇല്ലാതാക്കുന്നതിന്റെ ഭാഗമായി റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിക്കുകയും, കൂടുതൽ ജീവനക്കാരെ നിയമിച്ച് ശക്തമായ പെട്രോളിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്തുവരുന്നു. കൂടാതെ, 2 0 2 0 നവംബർ, ഡിസംബർ മാസങ്ങളിൽ കാസർഗോഡ്, കണ്ണൂർ, വയനാട് ജില്ലകളിലെ 120-ഓളം ജീവനക്കാരെ പങ്കെടുപ്പിച്ചുകൊണ്ട്, കാട്ടാനകളെ തുരത്തുന്നതിനായി, 'ഓപ്പറേഷൻ ഗജ എന്ന പേരിൽ ഒരു നടപടി സ്വീകരിക്കുകയും ആയത് വിജയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, നാട്ടുകാരുടെ സഹകരണത്തോടെ, പടക്കങ്ങൾ പൊട്ടിക്കുന്നതുപോലുള്ള മാർഗ്ഗങ്ങളിലൂടെ കാട്ടാനകളെ തുരത്തുന്ന നടപടിയും സ്വീകരിച്ചിട്ടുണ്ട്. സൌരോർജ്ജ കമ്പിവേലി, ആന പ്രതിരോധ മതിൽ, ട്രഞ്ച് എന്നിവ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലങ്ങൾ കണ്ടെത്തി ആയത് ആവശ്യാനുസരണം നിർമ്മിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഓരോ വർഷവും കൂടുതൽ സ്ഥലങ്ങളിൽ കാട്ടാനശല്യം ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | കാട്ടാനകളുടെ അക്രമണം മൂലം കാസർഗോഡ് ജില്ലയിൽ ഉണ്ടായ നാശനഷ്ടങ്ങൾ എത്രയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | കാസർഗോഡ് ജില്ലയിൽ കാട്ടാനകളുടെ അക്രമണം മൂലം സംഭവിച്ചിട്ടുള്ള നാശനഷ്ടങ്ങൾ . ചുവടെ ചേർക്കുന്നു:- |
| (സി) | ജില്ലയിൽ കൃഷിനാശം സംഭവിച്ചവർക്കും വീട് നഷ്ടപ്പെട്ടവർക്കും നഷ്ടപരിഹാരമായി എത്ര തുക നൽകിയെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | (സി) | നഷ്ട പരിഹാരമായി നല്കിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. |
| (ഡി) | കാട്ടാനശല്യം ശാശ്വതമായി പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | റാപിഡ് റെസ്പോൺസ് ടീമിന്റെയും, "ഓപ്പറേഷൻ ഗജ" യുടെയും നടപടികൾ വിജയ പ്രദമാണ് എന്ന് തെളിഞ്ഞിട്ടുണ്ട്. കൂടാതെ, കർണ്ണാടക വനങ്ങളിൽ |

| | | | |
|---|---|---|---|
| | | | നിന്നും എല്ലാ വർഷവും സ്ഥിരമായി കാട്ടാനകൾ പ്രവേശിക്കാറുള്ള വഴികൾ കണ്ടെത്തി ടി സ്ഥലങ്ങളിൽ ആനപ്രതിരോധ മതിലും, ട്രഞ്ചുകളും ഈ വർഷവും, വരും വർഷങ്ങളിലും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച്, നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇത് വഴി കാട്ടാന ശല്യം പരിഹരിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ